# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1834

06.07.2015-ലെ മറുപടിക്ക്

## പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ. കെ.വി.വിജയദാസ് : | | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |
| (എ) അധിക പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | പ്ലസ് ടുവിന് അഡീഷണൽ ബാച്ച് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വ.ഐ.ഷീലാദേവി പരാതിക്കാരിയായി ബഹു. കേരള ലോകായുക്ത മുമ്പാകെ കംപ്ലയിൻറ് നം.1118/2014 ആയി പരാതി ഫയൽ ചെയ്തിട്ടുള്ളതും ഈ ഹർജിയിൽ വിദ്യാഭ്യാസ മന്ത്രി ഒന്നാം എതിർ കക്ഷിയായി കക്ഷി ചേർത്തിട്ടുള്ളതുമാണ്. അന്വേഷണ ഏജൻസി സ്വീകരിച്ച വിപുലമായ തെളിവുകൾ പരാതിയിൽ പറയുന്ന ആരോപണങ്ങളെ ഒന്നും തന്നെ സാധൂകരിക്കുന്നില്ലായെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു.കേരള ലോകായുക്ത മേപ്പടി പരാതി 29.04.2015-ന് തള്ളി ഉത്തരവായിട്ടുണ്ട്. |
| (ബി) ലോകായുക്ത ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു ; ഏത് തീയതിയിലായിരുന്നു ; | (ബി) | പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ അഴിമതി, ദുർഭരണം, സ്വജനപക്ഷപാതം എന്നിവയുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിക്കുന്നതിനായി ബഹു. കേരള ലോകായുക്തയുടെ 22.08.14-ലെ ഉത്തരവിൻ പ്രകാരം ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസിനെ ചുമതലപ്പെടുത്തുകയുണ്ടായി |

| | | | |
|---|---|---|---|
| (സി) | ഋഷിരാജ് സിംഗ് ഐ.പി.എസ് ന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ഇതിനകം എത്രയാളുകളെ ചോദ്യം ചെയ്യുകയുണ്ടായി ; വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ചോദ്യം ചെയ്തിട്ടുണ്ടോ ; ഏതെല്ലാം രേഖകൾ എവിടെ നിന്നെല്ലാം പിടിച്ചെടുക്കുകയുണ്ടായി ; ഇത് സംബന്ധമായി സർക്കാരിനും വിജിലൻസിനും ലഭിച്ച പരാതികൾ എല്ലാം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ; | (സി) | അന്വേഷണ ഏജൻസി 20 സാക്ഷികളെ വിസ്തരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രിയെ വിസ്തരിച്ചിട്ടില്ല. വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ വി.പി.അബ്ദുൾ റസാഖ്, പത്തനാപുരം സെൻറ് സ്റ്റീഫൻസ് കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ.പി.എ.സാജിദ്ദീൻ എന്നിവരുടെ മൊഴികൾ എടുത്തിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിലെ പ്രതികൾ ആരൊക്കെ ; കേസന്വേഷണത്തെ തുടർന്നുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; | (ഡി) & | ബാധകമല്ല. |
| (ഇ) | അന്വേഷണം അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപങ്ങൾ പരിഗണിച്ചിട്ടുണ്ടോ ? | (ഇ) | |

സെക്ഷൻ ഓഫീസർ